
കെ.എം അബ്ദുൽ അഹദ് തങ്ങൾ



# ജമാഅത്തിന്റെ ആദ്യഘടകം

**നമ്മുടെ** രാജ്യം വിഭജനത്തിന്റെ വേദനയിൽ പിടയുമ്പോഴാണ്, കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഔപചാരികമായ രൂപീകരണം നടക്കുന്നത്. 1944ൽ തന്നെ ജമാഅത്തിന്റെ സന്ദേശം ഹാജിസാഹിബ് വഴി ഇവിടെ പ്രചരിക്കാനാരംഭിച്ചിരുന്നുവെങ്കിലും 1947ലാണ് ജമാഅത്ത് ഔദ്യോഗികമായി നിലവിൽവന്നത്.

'ജമാഅത്തുൽ മുസ്തർശിദീ'ന്റെ ഒരു വാർഷിക സമ്മേളനം വളാഞ്ചേരി കാട്ടിപ്പരുത്തി സി.എം മൊയ്തീൻകുട്ടി സാഹിബിന്റെ വീട്ടുമുറ്റത്ത് 1947ൽ നടക്കുകയുണ്ടായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി പണ്ഡിതന്മാരുൾപ്പെടെ 200 ഓളം പേർ പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ ആദ്യത്തെ ഘടകം രൂപീകരിക്കപ്പെട്ടത്.

ജമാഅത്തിന്റെ മദ്രാസ് മേഖലാ ഖയ്യിം ശൈഖ് അബ്ദുല്ലാ സാഹിബ് മുഖ്യാതിഥിയായിരുന്ന യോഗത്തിൽ ഉമറാബാദിലെ സയ്യിദ് അഹ്മദ് അമീൻ സാഹിബും പങ്കെടുത്തിരുന്നു. എം.സി.സി അബ്ദുർറഹ്മാൻ മൗലവി, കൂട്ടായി അബ്ദുല്ലഹാജി, ബി.എം മൊയ്തീൻകുട്ടി മൗലവി, പറവണ്ണ ഇസ്ഹാഖ് മൗലവി, കെ. ഉമർ മൗല

വി, അബുസ്സലാഹ് മൗലവി, ഗുൽസാർ അലവി മൗലവി, ശൈഖ് മുഹമ്മദ് മൗലവി, എ.കെ അബ്ദുല്ലതീഫ് മൗലവി, അബ്ദുർറഹ്മാൻ മൗലവി, ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, എ. അലവി മൗലവി, എ.കെ അബ്ദുൽഖാദിർ മൗലവി തുടങ്ങിയ പണ്ഡിതന്മാരും പങ്കെടുത്തു. മഞ്ചേരിയിലെ എം.പി അബ്ദുർറഹ്മാൻ കുരിക്കൾ, കെ.കെ അലി, വാണിമേൽ പി.പി കുഞ്ഞഹമ്മദ് ഹാജി, കെ.പി കുഞ്ഞാലിഹാജി, സി.എം സൂപ്പിമാസ്റ്റർ, കൊല്ലത്തുനിന്നുള്ള ബുഖാരി സാഹിബ്, അബ്ദുൽഖാദിർ തുടങ്ങിയവരൊക്കെ സമ്മേളനത്തിനെത്തിയിരുന്നു.

രണ്ടുദിവസം നീണ്ടുനിന്ന യോഗത്തിൽ ശൈഖ് അബ്ദുല്ലാ സാഹിബ്, സയ്യിദ് അഹ്മദ് അമീൻ സാഹിബ്, ഹാജി സാഹിബ്, കെ.സി അബ്ദുല്ല മൗലവി എന്നിവർക്കു പുറമെ എ. അബുസ്സലാഹ് മൗലവി, ഇസ്ഹാഖലി മൗലവി, കെ. ഉമർ മൗലവി തുടങ്ങിയവരും പ്രസംഗിച്ചിരുന്നു. ഉർദു പ്രസംഗങ്ങൾ കെ.സിയും ഹാജിസാഹിബുമാണ് പരിഭാഷപ്പെടുത്തിയിരുന്നത്.

ചർച്ചാവേളയിൽ പലതരം അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതിനിധികൾ മുന്നോട്ടു വെക്കുകയുണ്ടായി. മലയാളത്തിൽ പുസ്തകങ്ങളും പത്രങ്ങളും പ്രസിദ്ധീകരിക്കണമെന്നും അതിന് പ്രസ് സ്ഥാപിക്കണമെന്നുമായിരുന്നു ഗുൽസാർ അലവി മൗലവിയുടെ നിർദേശം. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദർശ ലക്ഷ്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഹാജിസാഹിബ് നടത്തിയ പ്രസംഗത്തോട് കെ. ഉമർമൗലവിയുടെ പ്രതികരണമിങ്ങനെയായിരുന്നു:

"നമുക്കൊരു കേന്ദ്രം വേണം. ഈ ആദർശ ലക്ഷ്യങ്ങൾ മനസ്സിലാക്കിയവരെല്ലാം ഒരിടത്ത് ഒരു കോളനിയായി ജീവിച്ചുകൊണ്ട് മറ്റുള്ളവർക്ക് മാതൃക കാണിക്കണം. എങ്കിൽ മാത്രമേ പ്രസ്ഥാനം വിജയിക്കുകയുള്ളൂ."

ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശവും ലക്ഷ്യവും പരിപാടികളുമെല്ലാം വിശദീകരിക്കപ്പെട്ട യോഗത്തിൽ, ജമാഅത്തിന്റെ പ്രവർത്തകരാകാൻ താൽപര്യമുള്ളവർ പേര് നൽകണമെന്ന് നിർദേശിക്കപ്പെട്ടു. കുറച്ചുപേർ മാത്രമേ അതിന് തയാറായുള്ളൂ. വളാഞ്ചേരിയിലെ ജമാഅത്തുൽ മുസ്തർശിദീന്റെ നാൽപതോളം പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തിരുന്നു. അവരിൽ കുറച്ചുപേർ ജമാഅത്തെ ഇസ്‌ലാമിയിൽ പ്രവർത്തിക്കാൻ താൽപര്യം കാണിച്ചില്ലെങ്കിലും കൂടുതലാളുകളും സംഘടനയിൽ ചേർന്നു. അങ്ങനെ വളരെ കുറച്ചു പ്രവർത്തകരും അനുഭാവികളുമാണ് കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കുമ്പോൾ ഉണ്ടായിരുന്നത്. 200 ഓളം ആളുകൾ പങ്കെടുത്ത യോഗത്തിൽ പകുതി പേരും ജമാഅത്തിൽ ചേരുകയുണ്ടായില്ല. പിന്നീട്, ഹാജിസാഹിബിന്റെ നേതൃത്വത്തിൽ പരിമിതരായ പ്രവർത്തകരുടെ അത്യധ്വാനം കൊണ്ടാണ് പതുക്കെ പതുക്കെ വളർന്ന് ഇന്ന് കാണുന്ന രീതിയിൽ ഒരു വലിയ പ്രസ്ഥാനമായത്.

ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ ആദ്യത്തെ ഘടകം നിലവിൽവന്നത് വളാഞ്ചേരിയിലാണെങ്കിലും ആദ്യത്തെ 'പ്രാദേശിക ജമാഅത്ത്' കോഴിക്കോട്ടാണ് രൂപീകരിക്കപ്പെട്ടത്. രണ്ട് 'അംഗങ്ങൾ' –റുക്ൻ– ഒരു ഘടകത്തിൽ ഉണ്ടാകുമ്പോഴാണ് ആ ഘടകം 'പ്രാദേശിക ജമാഅത്ത്' എന്നറിയപ്പെടുന്നത്. കോഴിക്കോട് ഘടകത്തിലാണ് ആദ്യം രണ്ട് അംഗങ്ങൾ ഉണ്ടായത്.

വളാഞ്ചേരിയിൽ ഹാജിസാഹിബ് മാത്രമേ ആദ്യം അംഗമായി ഉണ്ടായിരുന്നുള്ളൂ. പിന്നീട് മൗലനാ അബുല്ലൈസ് സാഹിബ് അവിടെ സന്ദർശനം നടത്തിയതിനെ തുടർന്നാണ് വളാഞ്ചേരിയിലെ ഇരുപതോളം പ്രവർത്തകർ അംഗങ്ങളായത്.

## ആദ്യകാലത്തെ പ്രവർത്തന കേന്ദ്രങ്ങൾ

ഉപ്പിനങ്ങാടി-മംഗലാപുരം, ചെംനാട്-കാസർകോട്, മുട്ടം-പഴയങ്ങാടി, വളപട്ടണം, കുറ്റ്യാടി, വാണിമേൽ, കോഴിക്കോട്, സുൽത്താൻബത്തേരി, എടയൂർ, മഞ്ചേരി, കോഴിക്കോട് തുടങ്ങിയവയായിരുന്നു ആദ്യ ഘട്ടത്തിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച സ്ഥലങ്ങൾ. 1943 മുതൽ തന്നെ ഹാജിസാഹിബ് ഇവിടെയെല്ലാം യാത്രചെയ്യുകയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജമാഅത്തിന്റെ ആരംഭത്തെയും ആദ്യഘട്ടത്തിലെ വളർച്ചയെയും കുറിച്ച് ഹാജിസാഹിബ് പറഞ്ഞത് ഇങ്ങനെ: "1941ൽ ജമാഅത്തെ ഇസ്‌ലാമി എന്ന പേരിൽ ആരംഭിച്ച പ്രസ്ഥാനത്തിന്റെ പ്രവർത്തനം 1944 അവസാനത്തോടെ കേരളക്കരയിലും പ്രവേശിച്ചു. സാമുദായിക പക്ഷപാതിത്വത്തിലും വർഗീയ സ്പർധയിലും ദയനീയമാം വണ്ണം അകപ്പെട്ടിരുന്ന കേരളീയരിൽ രണ്ടുമൂന്നു കൊല്ലത്തോളം ഈ പ്രസ്ഥാനം അങ്ങേയറ്റം മന്ദഗതിയിലാണ് പുരോഗമിച്ചിരുന്നതെങ്കിലും അത് നിരാശാജനകമായിരുന്നില്ല. 1947 മുതൽ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് പ്രസ്ഥാനം ഇവിടെ ക്രമപ്രവൃദ്ധമായി വളർന്നുവരികയാണ്. ഇന്നാകട്ടെ കേരളത്തിന്റെ മിക്ക ഭാഗങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശബ്ദം കേട്ടു കഴിഞ്ഞിരിക്കുന്നു. മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട അതിന്റെ സാഹിത്യങ്ങൾക്ക് കേരളീയരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകരണം സ്തുത്യർഹമാണ്."

സ്ക്വാഡ് പ്രവർത്തനങ്ങൾ, പുസ്തക വിതരണം, *പ്രബോധന*ത്തിന്റെ പ്രചാരണം, സ്റ്റഡി ക്ലാസുകൾ, പ്രഭാഷണ പരമ്പര, ഖുർആൻ ക്ലാസുകൾ, അന്നത്തെ സാഹചര്യത്തിൽ വിപുലമായി നടക്കുന്ന മാസാന്ത യോഗങ്ങൾ തുടങ്ങിയവയിലൂടെയാണ് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ വളരാൻ തുടങ്ങിയത്. ജനങ്ങൾക്ക് തികച്ചും പുതിയ അനുഭവങ്ങൾ നൽകിയ സമ്മേളനങ്ങളാണ് മറ്റൊരു പ്രധാന പ്രവർത്തനം.

പ്രവർത്തകർ ആവേശത്തോടെ നടത്തിയ സ്ക്വാഡുകളിലൂടെയും വ്യക്തിബന്ധങ്ങളിലൂടെയും മറ്റും പുസ്തകങ്ങൾ ധാരാളമായി പ്രചരിപ്പിക്കാനും അവ ആളുകളെക്കൊണ്ട് വായിപ്പിക്കാനും കഴിഞ്ഞിരുന്നതിനാൽ ധാരാളം ആളുകൾക്ക് നമ്മിൽനിന്നുതന്നെ പ്രസ്ഥാനത്തെ മനസിലാക്കാൻ കഴിഞ്ഞിരുന്നു. വായിച്ച് മനസിലാക്കി പ്രസ്ഥാനത്തിലേക്ക് വരുന്നവർക്ക് ജമാഅത്തിനെ സംബന്ധിച്ച് നല്ല അറിവും കാഴ്ചപ്പാടുമുണ്ടായിരുന്നു. പുസ്തകങ്ങൾ ധാരാളമായി പ്രചരിച്ചുകൊണ്ടിരുന്നതിനാൽ അച്ചടിച്ച കോപ്പികളെല്ലാം തീർന്നു പോവുകയും വീണ്ടും അച്ചടിക്കാൻ കാശില്ലാതെ വലിയ പ്രയാസം അനുഭവിക്കുകയും ചെയ്ത സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. 1950 മെയിൽ കോഴിക്കോട്ട് നടന്ന ഒരു ശൂറായോഗത്തിൽ ഹാജിസാഹിബ് പറയുകയുണ്ടായി: "ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങൾ മിക്കവാറും തീർന്നിരിക്കുന്നു. *ഖുത്ബാത്* പോലുള്ള ഗ്രന്ഥങ്ങൾക്ക് ധാരാളം ഓർഡറുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. പുതിയ പ്രസിദ്ധീകരണങ്ങൾ വല്ലതും പുറത്തിറങ്ങിയോ എന്ന് പലരും അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. തീർന്നുപോയ പുസ്തകങ്ങളെല്ലാം നമുക്ക് രണ്ടാമതും അടിക്കണം. പുതിയ പ്രസിദ്ധീകരണങ്ങൾ അടിക്കടി പുറത്തിറക്കിക്കൊണ്ടിരിക്കുകയും വേണം. എന്നാൽ എല്ലാ പണിയും തീർത്ത് തയാറായിക്കഴിഞ്ഞ പുതിയ പുസ്തകങ്ങൾ സാമ്പത്തിക വിഷമങ്ങൾ നിമിത്തം അച്ചടിപ്പിക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണ്."

അന്നത്തെ ദാരിദ്ര്യത്തെ കുറിച്ചു മാത്രമല്ല പുസ്തകങ്ങളോടും വായനയോടും ആളുകൾ കാണിച്ച താൽപര്യത്തെയും ഇത് സൂചിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ഭൗതികമായ പ്രേരണയാലോ ആൾക്കൂട്ടത്തെ കണ്ടോ പ്രവർത്തനങ്ങളുടെ പൊലിമയിൽ

അകൃഷ്ടരായോ അല്ല, പുസ്തകങ്ങളും *പ്രബോധന*വും വായിച്ചും ക്ലാസുകളും പ്രസംഗങ്ങളും കേട്ടും ജമാഅത്തിനെ മനസിലാക്കിയും വിഷയങ്ങൾ പഠിച്ചുമാണ് പ്രവർത്തകർ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്.

## ആദ്യത്തെ ശൂറയും ജമാഅത്ത് അംഗങ്ങളും

ജമാഅത്തിന്റെ ആദ്യ കേരള 'ഖയ്യിം' ഹാജി വി.പി മുഹമ്മദലി സാഹിബാണ്. അമീർ എന്നല്ല, ഖയ്യിം (സെക്രട്ടറി) എന്നായിരുന്നു ആദ്യം ഉപയോഗിച്ചിരുന്നത്.

1948ൽ കോഴിക്കോട് ചേർന്ന യോഗത്തിൽ തെരഞ്ഞെടുത്ത മജ്ലിസു ശൂറയിലെ അംഗങ്ങൾ:

1. മുഹമ്മദ് ത്വാഇൗ മൗലവി, കാസർകോട്
2. കെ. അബ്ദുശർഖി, കാസർകോട്
3. മുഹമ്മദ് ഹനീഫ മൗലവി, കോഴിക്കോട്
4. ബഷീർ അഹ്മദ്, കോഴിക്കോട്
5. ടി. മുഹമ്മദ്, കൊടിഞ്ഞി
6. കെ.സി അബ്ദുല്ല മൗലവി, കൊടിയത്തൂർ
7. ഹാജി പി.പി കുഞ്ഞിപ്പോക്കർ, വളാഞ്ചേരി
8. ടി.കെ.വി മൊയ്തീൻകുട്ടി, വളാഞ്ചേരി
9. സി.എം മൊയ്തീൻകുട്ടി, വളാഞ്ചേരി
10. പി. മരക്കാർ, വളാഞ്ചേരി
11. യു. മുഹമ്മദ്, വളാഞ്ചേരി
12. ടി.ടി കമ്മു, വളാഞ്ചേരി

കോഴിക്കോട്ടെ പ്രസ്തുത യോഗത്തിൽ മറ്റു രണ്ടു തീരുമാനങ്ങൾ ഇവയായിരുന്നു. 1. വളാഞ്ചേരിയിലെ ജമാഅത്ത് ഓഫീസ് കേരള ഹൽഖയുടെ കേന്ദ്രമാക്കുക, ഹാജിസാഹിബിനെ സഹായിക്കാൻ കെ.സി അബ്ദുല്ല മൗലവിയെകൂടി കേന്ദ്ര ഓഫീസിൽ നിശ്ചയിക്കുക. 2. കേരള ഹൽഖയുടെ മുഖപത്രമായി *പ്രബോധനം* ആരംഭിക്കുക.

1951 ഫെബ്രുവരിയിൽ ആകെ 30 മെമ്പർമാരും നാല് പ്രാദേശിക ജമാഅത്തുകളും മാത്രമേ പ്രസ്ഥാനത്തിന് ഉണ്ടായിരുന്നുള്ളൂ.

1. വളാഞ്ചേരി ഘടകത്തിലാണ് ഏറ്റവുമധികം അംഗങ്ങൾ ഉണ്ടായിരുന്നത്; 22. ഹാജിസാഹിബുതന്നെയായിരുന്നു വളാഞ്ചേരി പ്രാദേശിക ജമാഅത്തിന്റെ അമീർ.

2. കോഴിക്കോട് (അംഗങ്ങൾ 2. അമീർ, സി.പി.എം അബ്ദുൽഖാദിർ).

3. കാസർകോട് (അംഗങ്ങൾ 4. അമീർ, മുഹമ്മദ് ത്വാഇൗ മൗലവി, ആലിയ).

4. ചേന്ദമംഗല്ലൂർ (അംഗങ്ങൾ 2. അമീർ, കെ.സി അബ്ദുല്ല മൗലവി) എന്നിവിടങ്ങളിലായിരുന്നു മറ്റു പ്രാദേശിക ജമാഅത്തുകൾ.

അതേ സമയം പത്ത് അനുഭാവി ഘടകങ്ങൾ (ഹംദർദ് ഹൽഖകൾ) മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സ്ഥലങ്ങളും നാസിമുമാരുടെ പേരും.

1. ഉപ്പിനങ്ങാടി – അബൂബക്കർ മൗലവി
2. മംഗലാപുരം – അഹ്മദ് നൂരി
3. വളപട്ടണം – എസ്.സി അബൂബക്കർ
4. വാണിമേൽ – കുഞ്ഞഹമ്മദ് ഹാജി
5. കുറ്റ്യാടി – ഹാജി അബ്ദുല്ലകുട്ടി മൗലവി
6. കക്കോടി – ഉണ്ണിമൊയ്തീൻ മൗലവി
7. കുന്ദമംഗലം – എൻ. അബൂബക്കർ

8. സുൽത്താൻബത്തേരി – ബി. മമ്മു

9. തിരൂർ – കെ.പി അബൂബക്കർ

10. മണ്ണാർക്കാട് – അബ്ദുർറഹ്മാൻ അസ്ഗറലി

1951 ജൂലൈ മാസത്തോടെ രണ്ട് പുതിയ അനുഭാവി ഘടകങ്ങൾ കൂടി ഉണ്ടായി; തായിക്കാട്ടുകരയിലും കൊണ്ടോട്ടിയിലും. കെ. അബ്ദുൽഖാദിർ മൗലവിയായിരുന്നു തായിക്കാട്ടുകര ഹൽഖയുടെ നാസിം. കൊണ്ടോട്ടിയിലേത് ടി. ഉണ്ണീൻകുട്ടിയും. തുടർന്ന്, വളാഞ്ചേരിക്കടുത്ത ഇരിമ്പിളിയം, തിരൂർക്കാട്, ആയഞ്ചേരി, ചൊക്ലി, മാവൂർ, എടപ്പാൾ, മഞ്ചേരി, മുള്ള്യാകുർശി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പ്രവർത്തകരും അനുഭാവികളും ഉണ്ടാവുകയും ചില സ്ഥലങ്ങളിൽ ഹംദർദ് ഹൽഖകൾ രൂപീകരിക്കുകയും ചെയ്തു. 1952ൽ ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ വാർഷിക സമ്മേളനം മുള്ള്യാകുർശിയിൽ –ശാന്തപുരം– ചേരുമ്പോൾ ജമാഅത്തിന് 34 അംഗങ്ങളാണ് ഉണ്ടായിരുന്നത്; 500 ഓളം അനുഭാവികളും. 21 ഹംദർദ് ഹൽഖകൾക്ക് പുറമെ 18 സ്ഥലങ്ങളിൽ പ്രസ്ഥാനത്തിന്റെ അനുഭാവികൾ സംഘടിതമായും ഒറ്റക്കും പ്രവർത്തിക്കുന്നുണ്ടായിരുന്നു.

സാമ്പത്തിക പ്രതിസന്ധി കാരണം 1951ൽ പുസ്തകങ്ങളൊന്നും ഇറക്കാൻ കഴിഞ്ഞിരുന്നില്ല. പ്രസ്ഥാനമപ്പോൾ കടത്തിലായിരുന്നു. ഹിജ്റ 1370 റബീഉൽ അവ്വൽ (ക്രി. 1951) മുതൽ 1371 റബീഉൽ ആഖിർ (ക്രി. 1952) വരെയുള്ള ആകെ വരവ് 1873 രൂപ 6 അണ 5 പൈസ. ചെലവ് 2514 രൂപ 7 അണ 2 പൈസ. കടം 641 രൂപ 9 പൈസ! എന്നാൽ സാമ്പത്തിക വിഷമങ്ങളൊന്നും പ്രശ്നമാക്കാതെ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് കിട്ടാവുന്ന എല്ലാ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തിയിരുന്നു. അതിന്റെ ചെറുതും രസകരവുമായ ഒരു ഉദാഹരണത്തിന് *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'ജമാഅത്ത് വാർത്ത'കളിലൊന്ന് ശ്രദ്ധിക്കുക: 'കൊടിഞ്ഞി ജമാഅത്ത് അംഗമായ ജ. ടി. മുഹമ്മദ് മൗലവിയുടെ നികാഹ് പ്രമാണിച്ച് ഖയ്യിം സാഹിബ്, വി.കെ.എം ഇസ്സുദ്ദീൻ മൗലവി സാഹിബ്, കെ. മൊയ്തുമൗലവി സാഹിബ് മുതലായവർ കൊടിഞ്ഞിയിൽ പോവുകയും സെപ്തംബർ 4,5 തീയതികളിൽ ജമാഅത്തിന്റെ ആദർശലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് പൊതുപ്രസംഗങ്ങൾ നടത്തുകയുമുണ്ടായി. ജമാഅത്തിന്റെ നേരെ പ്രചരിപ്പിക്കപ്പെട്ടിരുന്ന പല തെറ്റിദ്ധാരണകളും നീക്കംചെയ്യാൻ പ്രസ്തുത പ്രസംഗങ്ങൾ ഉപകരിക്കുകയുണ്ടായി" (*പ്രബോധനം* പ്രതിപക്ഷപത്രം 1951 നവംബർ 1). ■

(തുടരും)

sadarvzkd@yahoo.co.in